"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പി.എം.ജി.എസ്.വൈ IV- NRIDA അംഗീകരിച്ച ആവാസകേന്ദ്രങ്ങളുടെ DPR മുൻകൂട്ടി തയ്യാറാക്കുന്നതിലേക്കായി 2025-26 സാമ്പത്തിക വർഷത്തെ അധികസംസ്ഥാന വിഹിതത്തിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2942/2025/LSGD    തീയതി,തിരുവനന്തപുരം, 11-12-2025

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 21.06.2025 ലെ LSGD/PD/17968/2025-CSSA4 നമ്പർ കത്ത്.

**ഉത്തരവ്**

പി.എം.ജി.എസ്.വൈ പദ്ധതിയുടെ നാലാം ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി OMMAS സോഫ്റ്റ്‌വെയറിൽ NRIDA അംഗീകരിച്ച 1257 ആവാസകേന്ദ്രങ്ങളുടെ DPR കൾ മുൻകൂട്ടി തയ്യാറാക്കിയാൽ NRIDA ആവശ്യപ്പെടുമ്പോൾ സമയബന്ധിതമായി ആയവ സമർപ്പിക്കാൻ സാധിക്കുന്നതാണെന്നും ഇതിനായി പദ്ധതിയുടെ സംസ്ഥാന വിഹിത തുക ഉപയോഗിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറക്ക് ഈ തുക റികൂപ്പ് ചെയ്യാൻ കഴിയുമെന്നു കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട് എന്നും ഈ സാഹചര്യത്തിൽ പദ്ധതിയുടെ സംസ്ഥാന വിഹിത തുകയായി 4515-00-800-98-02 എന്ന ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ₹2.92 കോടി രൂപ മുൻകൂർ ആയി വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.ജി.എസ്.വൈ പദ്ധതിയുടെ നാലാം ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി NRIDA അംഗീകരിച്ച 1257 ആവാസകേന്ദ്രങ്ങളുടെ DPR കൾ മുൻകൂട്ടി തയ്യാറാക്കുന്നതിലേക്കായി 2025-26 സാമ്പത്തിക വർഷത്തെ അധികസംസ്ഥാന വിഹിതത്തിൽ (4515-00-800-98-02 എന്ന ശീർഷകത്തിൽ) നിന്ന് ₹2.92 കോടി രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. DPR അന്തിമമാക്കുകയും അംഗീകരിക്കുകയും ചെയ്ത ശേഷം കേന്ദ്ര വിഹിതം recoup ചെയ്യാനുള്ള സമയബന്ധിതമായ നടപടി പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
ചീഫ് എൻജിനീയർ, കെ.എസ്.ആർ.ആർ.ഡി.എ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(02.11.2025ലെ 3286593/DEV-2/171/2025-FIN പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 11-12-2025 14:17:26
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി